website

നമ്പർ : ICPS 2/16735/2016

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം 23/07/2016

# സർക്കുലർ

വിഷയം : സാമൂഹ്യ നീതി വകുപ്പ്, ഐ.സി.പി.എസ്:- സാമൂഹ്യ നീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ജെ.ജെ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുന്നത് സംബന്ധിച്ച്.

സൂചന : (1) XIII-മത് വിഷയനിർണ്ണയ സമിതിയുടെ 17-ാമത്തെ പൊതുശുപാർശ.
(2) 19.06.2016-ലെ ഐ.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം നമ്പർ 15.

സാമൂഹ്യ നീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ചിൽഡ്രൻസ് ഹോമുകളിലെ സ്കൂളിൽ പോകുന്ന കുട്ടികൾക്ക് ആധുനിക മേഖലകളിൽ തൊഴിൽ പരിശീലനം നൽകുന്നതിൻെറ ഭാഗമായി സ്ഥാപനത്തിലെ കുട്ടികളുടെ സ്കൂൾ സമയത്തിനു ശേഷം വൈകുന്നേരങ്ങളിലും അവധി ദിവസങ്ങളിലും തെരഞ്ഞെടുക്കപ്പെട്ട സർക്കാർ അംഗീകൃത കമ്പ്യൂട്ടർ പരിശീലന കേന്ദ്രങ്ങളിൽ അയച്ച് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കി മാനേജ്മെൻറ് കമ്മിറ്റിയുടെ ശുപാർശ സഹിതം ഐ.സി.പി.എസ് ഓഫീസിൽ ലഭ്യമാക്കാൻ സ്ഥാപന സൂപ്രണ്ടുമാർക്ക് നിർദ്ദേശം നൽകുന്നതിന് സൂചന രണ്ട് പ്രകാരം ഐ.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ തീരുമാനമായി. ടി സാഹചര്യത്തിൽ കുട്ടികളുടെ സ്കൂൾ സമയത്തിനു ശേഷവും സ്കൂൾ അവധി ദിവസങ്ങളിലും കുട്ടികളുടെ പഠനത്തെ ഒരു തരത്തിലും ബാധിക്കാതെ അതാതു സ്ഥലത്തെ അംഗീകൃത കമ്പ്യൂട്ടർ പരിശീലന കേന്ദ്രങ്ങളിൽ അയച്ച് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനുള്ള പ്രൊപ്പോസലുകൾ മാനേജ്മെൻറ് കമ്മിറ്റിയുടെ ശുപാർശ സഹിതം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

സാമൂഹ്യ നീതി ഡയറക്ടർക്കു വേണ്ടി

1. എല്ലാ ചിൽഡ്രൻസ്/
സ്പെഷ്യൽ ചിൽഡ്രൻസ് ഹോം
സൂപ്രണ്ടുമാർക്കും
2. സ്റ്റോക്ക് ഫയൽ